EMERGENCY CALLS

POLICE

ഹൈവേ പൊലീസ് കൺട്രോൾ റൂം	9846100100
വനിതാ ഹെൽപ്‌ലൈൻ	9995399953
ക്രൈം സ്റ്റോപ്പർ	1090
പൊലീസ് കൺട്രോൾ റൂം	100
സൈബർ സെൽ	2329107
ഡി.ജി.പി	9497999999
കമ്മിഷണർ	9497996991
റൂറൽ എസ്.പി	9497996985

HOSPITAL

അനന്തപുരി	2579900
കിംസ്	2447575
എസ് യു ടി	4077777, 4177777

ശിവഗിരി ശ്രീനാരായണ മെഡി. മിഷൻ ഹോസ്പിറ്റൽ, വർക്കല : 0470 2602248, 2602249

നിർദ്ദേശങ്ങൾക്കും പരാതികൾക്കും
ഇ-മെയിൽ : suggestions@kaumudi.com
9946103701, ഫോൺ: 9946108240 (എഡിറ്റോറിയൽ)
9645089898 (സർക്കുലേഷൻ)

പ്രാദേശികം

കേരളകൗമുദി
12 ജൂലായ് 2018 വ്യാഴം
തിരുവനന്തപുരം

03

www.keralakaumudi.com www.facebook.com/keralakaumudi

ശ്രീനാരായണ സാഹിത്യ പരിഷത്ത് ഭാരവാഹികൾ

തിരുവനന്തപുരം : ശ്രീനാരായണ സാഹിത്യ പരിഷത്ത് 19-ാം വാർഷിക സമ്മേളനം തൃശ്ശൂർ ചെമ്പുകാവ് ജോസഫ് മുണ്ടശേരി ഹാളിൽ നടന്നു. മന്ത്രി സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. മന്ത്രി വി.എസ്. സുനിൽകുമാർ അവാർഡ് ദാനം നിർവഹിച്ചു.

ഡോ. തോളൂർ ശശിധരൻ അദ്ധ്യക്ഷനായിരുന്നു. അഡ്വ. ശാന്താറാം റോയി തോളൂർ (രക്ഷാധികാരി), ഡോ. തോളൂർ ശശിധരൻ (പ്രസിഡന്റ്), പ്രൊഫ. പി. സരളാദേവി (വർക്കിംഗ് പ്രസിഡന്റ്), അഡ്വ. വി.വി. വിജയൻ, പ്രൊഫ. ആർ. പുരുഷോത്തമൻ (വൈസ് പ്രസിഡന്റുമാർ), എടത്വ ജയൻ (ജനറൽ സെക്രട്ടറി), പി.ജി. ശിവബാബു, മോഹൻ സി. കുറിച്ചി, സുബിൻ ഹരിദാസ് (സെക്രട്ടറിമാർ), അനുഷബിജു (ഓവർസീസ് സെക്രട്ടറി), എം.എസ്. മോണിഷ്, കിരൺകൃഷ്ണ (ജോയിന്റ് സെക്രട്ടറിമാർ), കെ. സുലോചനൻ പ്രോഗ്രാം കോഓർഡിനേറ്റർ), ടി.എൻ. ആനന്ദപ്രസാദ്, വസന്തൻ കിഴക്കുടൻ, ഡോ. എം.എസ്. ശ്രീരാജ് ശ്രീനിവാസൻ, ഡോ. കെ. ആർ. സാജി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

വിദ്യാഭ്യാസ അവാർഡിന് അപേക്ഷിക്കാം

തിരുവനന്തപുരം: പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും മികച്ച വിജയം നേടിയ സിദ്ധനർ, കുറവ സമുദായ വിദ്യാർത്ഥികളിൽ നിന്ന് വിദ്യാഭ്യാസ അവാർഡിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447214177, 9447237423, 9447862233

പൂർവ വിദ്യാർത്ഥി സംഗമം

തിരുവനന്തപുരം: ശ്രീനാരായണ ഗുരുകുലം ഹയർ സെക്കൻഡറി സ്കൂളിലെ പ്രഥമ പൂർവ വിദ്യാർത്ഥിസംഗമം 14 ന് രാവിലെ 10ന് സ്കൂൾ ആഡിറ്റോറിയത്തിൽ നടക്കും. എല്ലാ പൂർവ വിദ്യാർത്ഥികളും പങ്കെടുക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

മുതിർന്ന വനിതാ നേതാക്കളെ ആദരിക്കുന്നു

തിരുവനന്തപുരം : ജില്ലയിലെ 11 മുതിർന്ന വനിതാ നേതാക്കളെ സമ്മോഹനം മാനവിക സൗഹൃദ കൂട്ടായ്മ ആദരിക്കുന്നു.

"അമ്മയ്ക്കൊരുമ്മ" എന്ന പേരിലുള്ള ഈ പരിപാടി അഡ്വ. സി. മോഹനചന്ദ്രന്റെ നാലാം ഓർമ്മദിനാചരണത്തോടനുബന്ധിച്ച് 30 ന് രാവിലെ തൈക്കാട് ഗാന്ധിഭവൻ ആഡിറ്റോറിയത്തിൽ നടക്കും. ഉമ്മൻചാണ്ടി, എം.എം. ഹസൻ തുടങ്ങിയവർ പങ്കെടുക്കും.

തങ്കമ്മദാസ്, അന്നമ്മ തോമസ്, സരോജിനി ഭാസ്കർ, സേതുലക്ഷ്മി, ലീലാബായി, ശാന്ത ബി. നായർ, പി.കെ. പ്രമോദിനി അമ്മ, പള്ളിച്ചൽ കെ. രാധ, തങ്കമണി, സുകുമാരൻ നായർ, വസുമതി ജി. നായർ, സുബൈദ ബക്കർ എന്നിവരെ ചടങ്ങിൽ ആദരിക്കും. യോഗത്തിൽ സമ്മോഹനം ചെയർമാൻ അഡ്വ. വിതുര ശശി അദ്ധ്യക്ഷത വഹിക്കും.

നെയ്യാറ്റിൻകരയിൽ ബി.ജെ.പി, യുവമോർച്ച നഗരസഭാ മാർച്ചിൽ സംഘർഷം

■ പൊലീസുമായി ഏറ്റുമുട്ടൽ; ലാത്തിച്ചാർജ് ■ നേതാക്കൾ ഉൾപ്പെടെ ഇരുപതിലേറെപ്പേർക്കും 5 പൊലീസുകാർക്കും പരിക്ക് ■ നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ ഇന്ന് ബി.ജെ.പി ഹർത്താൽ

നെയ്യാറ്റിൻകര നഗരസഭയിലേക്ക് മാർച്ച് നടത്തിയ ബി.ജെപി, യുവമോർച്ച പ്രവർത്തകർ ലാത്തിച്ചാർജിൽ പരിക്കേറ്റ് റോഡിൽ വീണപ്പോൾ

നെയ്യാറ്റിൻകര നഗരസഭയിലേക്ക് യുവമോർച്ച നടത്തിയ മാർച്ച് പൊലീസ് തടഞ്ഞപ്പോൾ

നെയ്യാറ്റിൻകര: ആലുംമൂട്ടിലെ സ്വകാര്യ ഹോട്ടലിന് ബാർ ലൈസൻസ് അനുവദിക്കുന്നതിന് കോഴ വാങ്ങിയെന്ന ആരോപണത്തിൽ നഗരസഭാ ചെയർപേഴ്സൺ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബി.ജെ.പി, യുവമോർച്ച പ്രവർത്തകർ ഇന്നലെ നഗരസഭാ മന്ദിരത്തിലേക്ക് നടത്തിയ മാർച്ചും ഉപരോധവും സംഘർഷത്തിൽ കലാശിച്ചു.

പൊലീസുമായുള്ള ഉന്തിലും തള്ളിലും, തുടർന്ന് നടന്ന ലാത്തിച്ചാർജിലും പ്രാദേശിക നേതാക്കൾ ഉൾപ്പെടെ ഇരുപതോളം ബി.ജെ.പി, യുവമോർച്ച പ്രവർത്തകർക്ക് പരിക്കേറ്റു. ഇതിൽ എട്ട് പേർക്ക് സാരമായ പരിക്കുണ്ട്.

സംഘർഷത്തിൽ എ.എസ്.ഐ ഉൾപ്പെടെ 5 പൊലീസുകാർക്കും പരിക്കേറ്റു. യുവമോർച്ച സംസ്ഥാന വൈസ് പ്രസിഡന്റ് രഞ്ജിത്ത് ചന്ദ്രൻ, ശ്രീലാൽ, ചന്ദ്രകിരൺ, മഞ്ചത്തല സുരേഷ്, അരംഗമുകൾ സന്തോഷ്, ആലംപൊറ്റ ശ്രീകുമാർ, പൂതംകോട് സജി, വിജയകുമാർ എന്നിവർക്കാണ് സാരമായ പരിക്ക്. ഇവർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടി.

പരിക്കേറ്റവരെ ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി രമേശ് സന്ദർശിച്ചു. നെയ്യാറ്റിൻകര പൊലീസ് സ്റ്റേഷനിലെ എ.എസ്.ഐ ഷാജഹാൻ, എസ്.എ.പി സിവിൽ പൊലീസ് ഓഫീസർമാരായ അനിൽകുമാർ, ശ്രീലാൽ, അനുരാജ്, അജിത് എന്നിവരാണ് പരിക്കേറ്റ പൊലീസുകാർ. ഇവർ നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. കൃത്യനിർവഹണം തടഞ്ഞതിന് ബി.ജെ.പി, യുവമോർച്ച പ്രവർത്തകർക്കെതിരെ പൊലീസ് കേസെടുത്തു.

നഗരസഭാചെയർപേഴ്സണിന്റെ രാജി ആവശ്യപ്പെട്ട് ഇന്നലെ ഉച്ചയോടെ ബി.ജെ.പി, യുവമോർച്ച പ്രവർത്തകർ നഗരസഭാ ഓഫീസിലേക്ക് നടത്തിയ മാർച്ച് 50 മീറ്റർ അകലെ വച്ച് പൊലീസ് തടഞ്ഞു.

തുടർന്ന് നടത്തിയ ഉപരോധം ബി.ജെ.പി ജില്ല പ്രസിഡന്റ് എസ്. സുരേഷ് ഉദ്ഘടനം ചെയ്തു. സുരേഷ് തമ്പി, എൻ.പി. ഹരി, അതിയന്നൂർ ശ്രീകുമാർ, പൂഴിക്കുന്ന് ശ്രീകുമാർ, ആശ്രമം പ്രശാന്ത്, ഷിബു രാജകൃഷ്ണ, രാജേഷ്, ഹരികുമാർ, യുവമോർച്ച നേതാക്കളായ രാമേശ്വരം ഹരി, അഭിലാഷ് അയോദ്ധ്യ, മണവാരി രതീഷ്, ശ്രീരാഗ് എന്നിവർ സംസാരിച്ചു.

പൊലീസ് വലയം ഭേദിച്ച് പോകാൻ പ്രവർത്തകർ നടത്തിയ ശ്രമം ഉന്തിലും തള്ളിലും കലാശിച്ചു.

തുടർന്നായിരുന്നു ലാത്തിച്ചാർജ്. മാർച്ച് നേരിടാൻ ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ പൊലീസ് നേരത്തേ സന്നാഹം ഏർപ്പെടുത്തിയിരുന്നു.

ഇന്ന് ഹർത്താൽ

പൊലീസ് നടത്തിയ ലാത്തിച്ചാർജിൽ പ്രതിഷേധിച്ച് നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ ഇന്ന് രാവിലെ 6 മുതൽ വൈകിട്ട് 6 വരെ ഹർത്താലിന് ബി.ജെ.പി ആഹ്വാനം ചെയ്തു.

കഴുത്തിൽ കത്തിവച്ച് ഭീഷണിപ്പെടുത്തി വൃദ്ധയുടെ സ്വർണം തട്ടിയെടുത്തു

■ മോഷ്ടാക്കളിൽ ഒരാളെ നാട്ടുകാർ പിടികൂടി പൊലീസിലേൽപ്പിച്ചു ■ സംഭവം കരമനയിൽ

തിരുവനന്തപുരം : വഴിയാത്രക്കാരിയായ വൃദ്ധയുടെ കഴുത്തിൽ കത്തിവച്ച് ബൈക്കിലെത്തിയ രണ്ടുപേർ മാലയും വളയും കവർന്നു. ആഭരണങ്ങളുമായി ബൈക്കിൽ രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ മോഷ്ടാക്കളിൽ ഒരാളെ നാട്ടുകാർ പിടികൂടി കരമന പൊലീസിന് കൈമാറി.

വള്ളക്കടവ് സ്വദേശി കുഞ്ഞുമോൻ ഷാജിയെയാണ് (45) നാട്ടുകാർ പിടികൂടിയത്. ഇയാൾക്കൊപ്പമുണ്ടായിരുന്ന ആൾ ഓടിക്കൂടിയ നാട്ടുകാരിൽ ഒരാളുടെ ബൈക്കുമായി രക്ഷപ്പെട്ടു. സുശീലയെ സാഹസികമായി രക്ഷപ്പെടുത്തിയ പ്രദേശവാസി ശ്യാമിന്റെ ബൈക്കുമായാണ് മോഷ്ടാവ് രക്ഷപ്പെട്ടത്. ഇയാൾക്കായി പൊലീസ് തെരച്ചിൽ ആരംഭിച്ചു. കരമന മരുതൂർക്കടവ് സ്വദേശി സുശീലയുടെ മാലയാണ് കവരാൻ ശ്രമിച്ചത്.

ഇന്നലെ രാവിലെ ഏഴിന് മരുതൂർക്കടവ് വിനായക കല്യാണമണ്ഡപത്തിന് സമീപമായിരുന്നു സംഭവം. രാവിലെ വീട്ടുജോലിക്ക് പോവുകയായിരുന്നു സുശീല. പിന്നാലെ ബൈക്കിലെത്തിയ കുഞ്ഞുമോൻ ഷാജിയും കൂട്ടാളിയും റോഡിൽ ഇവരെ തടഞ്ഞുനിറുത്തി കഴുത്തിൽ കത്തി ചൂണ്ടി. തുടർന്ന് ആഭരണങ്ങൾ ഊരിയെടുത്തു. നിലവിളിക്കാൻ പോലുമാകാതെ ഭയന്നുവിറച്ച സുശീല ബോധരഹിതയായി റോഡിൽ വീണു.

ഇതിനിടെ അതുവഴി വന്ന പ്രദേശവാസിയായ ശ്യാം ബൈക്ക് നിറുത്തി സുശീലയുടെ അടുത്തെത്തി. ഈ സമയം മോഷ്ടാക്കൾ ബൈക്ക് സ്റ്റാർട്ടാക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. സുശീലയെ ബൈക്കിടിച്ച് വീഴ്ത്തിയതാണെന്ന് കരുതി തടയാൻ ശ്രമിച്ച ശ്യാമിന് നേരെയും മോഷ്ടാക്കൾ ആയുധം വീശി. മോഷ്ടാക്കളെ നേരിടാൻ ശ്യാം ശ്രമിക്കുന്നതിനിടെ വഴിയാത്രക്കാരായ കൂടുതൽ പേരെത്തിയാണ് കുഞ്ഞുമോൻ ഷാജിയെ കീഴ്പ്പെടുത്തിയത്. ഇതിനിടെയാണ് ഇയാളുടെ കൂട്ടാളി ശ്യാമിന്റെ ബൈക്കിൽ രക്ഷപ്പെട്ടത്.

നാട്ടുകാർ അറിയിച്ചതനുസരിച്ച് പൊലീസെത്തി സുശീലയെ പ്രാഥമിക ചികിത്സയ്ക്കായി ശാന്തിവിള ഗവ. ആശുപത്രിയിലേക്ക് മാറ്റി. സുശീലയുടെ ആഭരണങ്ങൾ കുഞ്ഞുമോൻ ഷാജിയിൽ നിന്ന് കണ്ടെത്തി. കൂട്ടാളിയെ തിരിച്ചറിയാൻ ഇയാളെ കൂടുതൽ ചോദ്യം ചെയ്യുകയാണെന്ന് കരമന പൊലീസ് പറഞ്ഞു.

സീറ്റ് ഒഴിവ്

തിരുവനന്തപുരം: വെള്ളനാട് ശ്രീസത്യസായി ഹയർ സെക്കൻഡറിസ്കൂളിൽബയോളജി(കണക്ക്ഇല്ലാതെ),കമ്പ്യൂട്ടർസയൻസ്,കൊമേഴ്സ്,ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ആവശ്യമുള്ളവർ 9446412138, 9895909248 നമ്പരുകളിൽ ബന്ധപ്പെടുക,

ഇന്റർനാഷണൽ കരാട്ടെ ഓർഗനൈസേഷൻ ക്യോകുഷിൻ കായ്കാൻ ഐ.കെ.ഒ മത്സുഷിമ ഫുൾ കോൺടാക്ട് കരാട്ടെയിൽ കേരള ബ്രാഞ്ചിൽ നിന്ന് ആദ്യമായി ഫസ്റ്റ്ഡാൻ ഇന്റർനാഷണൽ ബ്ലാക്ക് ബെൽറ്റ് (ജപ്പാൻ) നേടിയ സിൻരാജ് എസ്.ആർ, ശ്രീകുമാർ. ജി എന്നിവർ

കൈയേറിയ ഭൂമി തിരിച്ചുപിടിച്ച് പൊലീസ് സ്റ്റേഷൻ സ്ഥാപിക്കും

തിരുവനന്തപുരം: വർക്കല ഇലകൺ പഞ്ചായത്തിൽ സ്വകാര്യ വ്യക്തി കൈയേറിയ 27 സെന്റ് തിരിച്ചു പിടിച്ച് പൊലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കാൻ ജില്ലാ കളക്ടർ തീരുമാനിച്ചു. ഇത് കൈയേറ്റക്കാർക്ക് തന്നെ വിട്ടുകൊടുക്കാൻ സബ് കളക്ടറായിരുന്ന ദിവ്യ എസ്. അയ്യരുടെ ഉത്തരവ് വിവാദമായിരുന്നു. ഇതേ തുടർന്ന് അവരെ സബ് കളക്ടർ പദവിയിൽ നിന്ന് നീക്കം ചെയ്തിരുന്നു.

ഇന്നലെ പരാതിക്കാരി ലിജിയെയും പഞ്ചായത്ത്, റവന്യൂ അധികൃതരെയും ജില്ലാകളക്ടർ തെളിവെടുപ്പിന് വിളിച്ചിരുന്നു. പരാതിക്കാരിയുടെ വാദങ്ങളിൽ കഴമ്പില്ലെന്ന് കണ്ടാണ് ഭൂമി ഏറ്റെടുത്ത് പൊലീസ് സ്റ്റേഷൻ നിർമ്മാണത്തിന് നൽകാൻ ഉത്തരവിട്ടത്. പുതിയ ചട്ടപ്രകാരം 50 സെന്റ് വരെ സർക്കാർ ഭൂമി കൈമാറ്റം ചെയ്യാൻ കളക്ടർക്ക് അധികാരമുണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് ഈമാസം പുറപ്പെടുവിക്കും. കഴിഞ്ഞ ദിവസം കളക്ടർ കൈയേറ്റ സ്ഥലം സന്ദർശിച്ചിരുന്നു.

പൊലീസ് സ്റ്റേഷനുവേണ്ടി അനുവദിച്ച സ്ഥലത്തിൽ 27 സെന്റാണ് സ്വകാര്യ വ്യക്തി കൈയേറിയത്. ഇതേത്തുടർന്ന് കഴിഞ്ഞ ജൂലായ് 17ന് വർക്കല തഹസിൽദാർ നിയമാനുസൃത നടപടികളിലൂടെ കൈയേറ്റം ഒഴിപ്പിച്ചിരുന്നു. ഇതിനെതിരെ ലിജി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ആദ്യം സബ്കളക്ടറെ കേസിൽ എതിർകക്ഷിയാക്കിയിരുന്നില്ല. പിന്നീടാണ് എതിർ കക്ഷിയാക്കിയത്. തുടർന്ന് പരാതിക്കാരിയുടെ വാദം കൂടി കേട്ടശേഷം തീരുമാനമെടുക്കാൻ കോടതി സബ്കളക്ടറോട് നിർദ്ദേശിച്ചു. എന്നാൽ ഭൂമിയേറ്റെടുത്ത നടപടി റദ്ദാക്കുകയായിരുന്നു സബ് കളക്ടർ. ഇതേ തുടർന്നാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ജില്ലാ കളക്ടറെ സർക്കാർ ചുമതലപ്പെടുത്തിയത്.

ജനങ്ങളുടെ വിജയമെന്ന് വി. ജോയി എം.എൽ.എ

കൈയേറ്റ ഭൂമി തിരിച്ചുപിടിക്കാനെടുത്ത തീരുമാനം ജനങ്ങളുടെ വിജയമാണെന്ന് വർക്കല എം.എൽ.എ വി. ജോയി പറഞ്ഞു.

അംഗപരിമിതരായ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ജില്ലാ തല ടൈ സ്കൂട്ടർ വിതരണത്തിന്റെ ഉദ്ഘാടനം വി.ജെ.ടി ഹാളിൽ നടന്ന ചടങ്ങിൽ നരുവാംമൂട് സ്വദേശി എ. ലാലിന് താക്കോൽ നൽകി മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു. ചെയർമാൻ പി.ആർ. ജയപ്രകാശ്, കോവളം ബാബു എന്നിവർ സമീപം

ഫോട്ടോ: ബി.സുമേഷ്

സൗജന്യ പരിശോധന

തിരുവനന്തപുരം : ലോക പ്ലാസ്റ്റിക് സർജറി ദിനത്തോട് അനുബന്ധിച്ച് അനന്തപുരി ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ 14ന് രാവിലെ 9 മുതൽ 1 മണിവരെ സൗജന്യ വൈദ്യ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. ജന്മനാലും അപകടത്തിലും പൊള്ളലേറ്റും ഉണ്ടാകുന്ന വൈകല്യങ്ങൾ, മുടികൊഴിച്ചിൽ, ഹെയർ ട്രാൻസ് പ്ലാന്റ്, സൗന്ദര്യ വർദ്ധക ശസ്ത്രക്രിയ ആവശ്യമുള്ള ആളുകളെ പരിശോധിച്ച് ചികിത്സാവിധി നിശ്ചയിക്കും. മുച്ചിറി, മുറി അണ്ണാക്ക് എന്നിവയ്ക്ക് സ്മൈൽ ട്രെയിൻ എന്ന പദ്ധതിവഴി പൂർണമായി സൗജന്യ ശസ്ത്രക്രിയ ചെയ്യും. ക്യാമ്പിൽ പങ്കെടുത്ത് തുടർ ചികിത്സയ്ക്ക് വരുന്നവർക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭിക്കുന്നതാണ്. ഫോൺ: 9020690207.

കത്തിപ്പാറ ബേബി വധം: പ്രതികൾ പൊലീസ് കസ്റ്റഡിയിൽ

കത്തിപ്പാറ ബേബി വധക്കേസിലെ പ്രതികളെ കൊല നടന്ന വീട്ടിൽ തെളിവെടുപ്പിന് കൊണ്ടുവന്നപ്പോൾ

വെള്ളറട : കത്തിപ്പാറ ബേബി വധക്കേസിലെ പ്രതികളെ 18 വരെ പൊലീസ് കസ്റ്റഡിയിൽ വാങ്ങി.

കത്തിപ്പാറ ഷാജി ഭവനിൽ സെൽവരാജിന്റെ ഭാര്യ ബേബിയെ (56) കൊലപ്പെടുത്തിയ കേസിൽ പിടിയിലായ കുന്നത്തുകാൽ സ്വദേശി ശിവകുമാർ, പെരുങ്കടവിള സ്വദേശി അഭിജിത്ത്, ഇയാളുടെ കാമുകി മിനി എന്നിവരെയാണ് കസ്റ്റഡിയിൽ വാങ്ങിയത്.

കൂടുതൽ തെളിവെടുപ്പിന് പ്രതികളെ കസ്റ്റഡിയിൽ വിടണമെന്നാവശ്യപ്പെട്ട് വെള്ളറട പൊലീസ് കോടതിയെ സമീപിച്ചിരുന്നു. തുടർന്നാണ് കോടതി നടപടി.

ജൂൺ 20നാണ് ബേബിയെ കൊലപ്പെടുത്തിയശേഷം ഇവരുടെ ആഭരണങ്ങൾ കവർന്നത്. ഇന്നലെ ബേബിയുടെ വീട്ടിൽ കൊണ്ടുവന്ന പ്രതികൾ കൊലചെയ്ത രീതികൾ പൊലീസിന് വിവരിച്ചു കൊടുത്തു. ഇവിടെ നിന്ന് മോഷ്ടിച്ച ആഭരണങ്ങൾ വിറ്റ സ്ഥലങ്ങളിലും ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലങ്ങളിലും തെളിവെടുപ്പിനെത്തിച്ചു.

വെള്ളറട സി.ഐയുടെ നേതൃത്വത്തിലുള്ള സംഘമാണ് തെളിവെടുപ്പ് നടത്തിയത്. ആഭരണങ്ങൾ ബാലരാമപുരത്തും കണ്ണൂരിലുമാണ് വിറ്റതെന്ന് പ്രതികൾ പറഞ്ഞു.

WANTED

GNM/Nursing Assistant: 3 years experience in Casualty/OPD.

Pharmacist: Minimum 3 years experience.

Receptionist cum Cashier: Pleasing personality. Ability to speak fluently in English and Malayalam.

For the above 3 posts, preference will be given to those living within 5 kms of Varkala town.

Supervisor (Operations & Maintenance): Diploma in Electrical Engineering. Should be able to handle Civil, Electrical, Plumbing, Water Supply, A/C and Maintenance services.

Apply with detailed resume and colour photograph within 7 days to:

HR Manager, Mob: **98957 70263** or email to: **hr@credencehospital.com**

CREDENCE HOSPITAL®

Ulloor, Trivandrum 695 011, Ph: 4033333
www.credencehospital.com

വലയിൽ പച്ചിലകൾ വച്ച്
മൂർഖൻ പാമ്പിനെ പിടികൂടുന്ന
കിടിലൻ കാഴ്ച്ച
CHEMMANUR INTERNATIONAL JEWELLERS
KaumudyTV
SNAKE MASTER
Presented By
smartshoppi
വ്യാഴം, വെള്ളി രാത്രി 7:35ന്
നമ്മുടെ കൗമുദി ടിവിയിൽ

വ്യവസായ വാണിജ്യ രംഗത്തെ
പുതുസ്പന്ദനങ്ങളുമായി
Kaumudy BUSINESS NEWS
TODAY 8:00PM

Kaumudy TV - Channel Position Numbers

VIDEOCON	airtel	TATA Sky	ZING		DEN		ACV
613	839	1845	713	35	612	108	116

For Advertisement North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872

www.kaumudy.tv www.youtube.com/kaumudy Contact - 9946103729